**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3125** **07.02.2018 ൽ മറുപടിയ്ക്ക്**

**ഞീഴൂർ ഐ.എച്ച്.ആർ.ഡി കോളേജിന് പഞ്ചായത്ത് വക ഭൂമി കൈമാറ്റം**

**ചോദ്യം**
**ശ്രീ.മോൻസ് ജോസഫ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ ഗ്രാമ പഞ്ചായത്തുവക ഭൂമി ഞീഴൂർ ഐ.എച്ച്.ആർ.ഡി കോളേജിന് വിട്ടു നൽകുന്നതു സംബന്ധിച്ച് എസ്.ആർ.ഒ നമ്പർ 310/2017 പ്രകാരം 2017 ജൂൺ 6 ന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചതിനെത്തുടർന്ന് വൈക്കം താലൂക്കോഫീസിലും കോട്ടയം കളക്ടറേറ്റിലും സ്വീകരിച്ചു വരുന്ന തുടർ നടപടികൾ വ്യക്തമാക്കാമോ; | (എ) വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി പാട്ടത്തിന് നൽകുന്നതിനായി അനുബന്ധ രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ആർ.ഡി.ഒ.പാലായ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള 12(1) നോട്ടീസ് പ്രസിദ്ധപ്പെടുത്തി റിപ്പോർട്ട് പുന:സമർപ്പിക്കുവാൻ ആർ. ആർ.ഡി.ഒ പാലാ നിർദ്ദേശം നൽകുകയും ടി നിർദ്ദേശം പാലിക്കുന്നതിനായി വില്ലേജ് ഓഫീസർ ഞീഴൂരിന് 11.01.2018 ൽ നിർദ്ദേശം നൽകിയതുമാണ്. |
| (ബി) | ഇതു സംബന്ധിച്ച് വൈക്കം താലൂക്കിലെയും, കോട്ടയം കളക്ടറേറ്റിലെയും ഫയൽ നമ്പരുകൾ അറിയിക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്നും ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ; ഈ സ്ഥലം വിട്ടു നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ വ്യക്തമാക്കാമോ; ഈ ഭൂമി വിട്ടു നൽകുന്നതിനുള്ള അന്തിമ ഉത്തരവ് എന്നേക്ക് പുറപ്പെടുവിക്കാൻ കഴിയും എന്നറിയിക്കാമോ? | (ബി) കോട്ടയം കളക്ടറേറ്റ് ഫയൽ നമ്പർ - ഡി.സി.കെറ്റി.എം /7363/2017-ഇ2(ഇ-ഓഫീസ്),ഇ2-34729/09 (മാനുവൽ ഫയൽ) എന്നീ ഫയലുകൾ നിലവിലുണ്ട്. ഈ ഫയലുകൾ ജില്ലാ കളക്ടർ കോട്ടയത്തിന്റെ പക്കലാണ്.<br><br>വൈക്കം താലൂക്കിലെ ഫയൽ നമ്പർ - സി6-9386/17 – ടി ഫയൽ തഹസിൽദാർ വൈക്കത്തിന്റെ കൈവശവുമാണ്.<br><br>ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കി അന്തിമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ